II ഇ.ബി. XII- കേരള നിയമസഭ/X-7

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2009 ഫെബ്രുവരി 27, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെരാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

20(*181) ടൂറിസം രംഗത്ത് സ്വീകരിച്ച സുരക്ഷിതത്വ നടപടികൾ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, 2008 നവംബർ 26-ന് നടന്ന മുംബൈ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേരള ടൂറിസം വകുപ്പ് സംസ്ഥാന ആഭ്യന്തര വകുപ്പുമായി ചേർന്ന് 2009 ജനുവരി 1-ാം തീയതി തിരു വനന്തപുരത്തുള്ള മസ്കറ്റ് ഹോട്ടലിൽ വച്ച് കേരളത്തിലെ പ്രമുഖ ഹോട്ടൽ ഉടമകളുടെ ഒരു ഉന്നതതല യോഗം സംഘടിപ്പിക്കുകയും പ്രസ്തുത യോഗ ത്തിൽ നിലവിലുള്ള സുരക്ഷാ സംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിനായി പോലീസിന്റെ നേതൃത്വത്തിൽ ഒരു സുരക്ഷാ ആഡിറ്റ് നടത്താൻ തീരുമാനി ക്കുകയും ചെയ്തു എന്ന് സഭയെ അറിയിച്ചു. വിനോദ സഞ്ചാരികൾ, വിശേഷിച്ച് വിദേശ സഞ്ചാരികൾ കൂടുതലായി വരുന്ന സ്ഥലങ്ങളിൽ പോലീസ് വകുപ്പ് ടൂറിസം പോലീസിന്റെ സഹായത്തോടെ മഫ്ടി പോലീസിനെ നിയോഗിച്ച് ശക്തമായ പോലീസ് പട്രോളിംഗും നിരീക്ഷണവും

നടത്തി വരുന്നുണ്ട്. ഇത്തരം പ്രദേശങ്ങളിലെ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ രഹസ്യ നിരീക്ഷണവും നടത്തി വരുന്നുണ്ട്. വിദേശ സഞ്ചാരികൾ താമസിക്കുന്ന ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും 'ഫോം സി' മുഖാന്തിരം സഞ്ചാരികളുടെ വിവരങ്ങൾ SHO -മാരും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകളും ശേഖരിക്കുകയും വിലയിരുത്തുകയും ചെയ്തു വരുന്നു. വിദേശികൾ ഹോട്ടലുകളിൽ വന്ന് താമസിച്ചാൽ 24 മണിക്കൂറിനുള്ളിൽ സി.ഫോം പൂരിപ്പിച്ച് കൊടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഇതിനുവേണ്ടി വെബ്സൈറ്റ് സ്ഥാപിക്കാൻ ടൂറിസം വകുപ്പിനും പോലീസ് വകുപ്പിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. മുംബൈ ഭീകരാക്രമണത്തിനുശേഷം 2008 ഡിസംബർ മാസം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2007-നെ അപേക്ഷിച്ച് 1.05 ശതമാനം വർദ്ധനവ് കാണിക്കുന്നുവെങ്കിലും മുൻ വർഷങ്ങളിലെ വളർച്ചാ നിരക്കിനെക്കാൾ തുലോം കുറവാണ്. ഭീകരാക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ചില രാജ്യങ്ങൾ സഞ്ചാരികളുടെ ശ്രദ്ധയ്ക്കായി പുറപ്പെടുവിച്ചിട്ടുള്ള 'അഡ്വൈസറികൾ' നിലനിൽക്കുന്ന സാഹചര്യത്തിലാണ് സഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടായതെന്ന് വിലയിരുത്തപ്പെടുന്നു. ഇതിന്റെ ഭാഗമായി കെ.ടി.ഡി.സി.യുടെ മസ്കറ്റ് ഹോട്ടലിലെ 1132-ഓളം മുറികളുടെ ബുക്കിംഗിൽ ക്യാൻസലേഷൻ ഉണ്ടായിട്ടുണ്ട്. ആഗോള സാമ്പത്തികമാന്ദ്യം ടൂറിസം രംഗത്തുണ്ടാക്കിയ പ്രത്യാഘാതം കുറച്ചുകൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി എന്റെ കേരളം, പ്രവാസി കൂട്ടായ്മ എന്നിവ കൊച്ചിയിൽ സംഘടിപ്പിക്കുകയും

മലയാളി സംഘടനകളെ കേരള ടൂറിസത്തിന്റെ പ്രചാരകരായി പ്രവർത്തിപ്പിക്കാനുള്ള ഒരു പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം രംഗത്ത് മികച്ച പ്രവർത്തനങ്ങൾ കാഴ്ച വച്ചതിന് കേന്ദ്രസർക്കാരിന്റെ ആറ് അവാർഡുകൾ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ആക്കുളം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. വിദേശികളെ കൂടുതലായി ആകർഷിക്കാനായി ആവശ്യമായ പരസ്യങ്ങൾ നൽകാനും റോഡ്ഷോ സംഘടിപ്പിക്കാനും മറ്റു പ്രചരണങ്ങൾ നടത്താനുമായി വിസിറ്റ് കേരള 2009 സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡി.റ്റി.പി.സി.-യുടെ പ്രവർത്തനം ശക്തിപ്പെടുത്തി കണ്ടക്റ്റഡ് ടൂർ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. തീരപ്രദേശത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനും കടൽവഴിയുണ്ടാകുന്ന കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനുമായി ആധുനിക സംവിധാനങ്ങളുള്ള 9 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുകയും നീണ്ടകരയിൽ ഒരെണ്ണം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതിനുപുറമെ മോഡെണൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തി തീരദേശ പോലീസ്സ്റ്റേഷനുകളിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. വിദേശസഞ്ചാരികൾക്ക് മാത്രമായി എയർപോർട്ടുകളിൽ എമിഗ്രേഷൻ കൗണ്ടർ ആരംഭിക്കുന്നതിനായി കൊച്ചിയിൽ 50 എസ്.ഐ.-മാരെക്കൂടി അനുവദിക്കാൻ തീരുമാനിക്കുകയും തിരുവനന്തപുരം എയർപോർട്ടിൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് എമിഗ്രേഷൻ കൗണ്ടർ ഏർപ്പെടുത്താൻ നിദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടൂറിസം പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പോലീസുകാർക്ക് ആവശ്യമായ ട്രെയിനിംഗ് കൊടുക്കുന്ന നടപടികൾ

തുടർന്നുവരുന്നു. ആഗോള ടൂറിസം മേള നടത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതാണ്. അതിരപ്പിള്ളി ടൂറിസം വികസനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തടസ്സങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സ്ഥലമെടുപ്പ് ടൂറിസം വികസനത്തിന് തടസ്സമായി നിൽക്കുന്നു എന്നതിനാൽ സ്ഥലമുടമകൾ മുന്നോട്ടുവന്നാൽ അവരെ പങ്കാളികളാക്കി ടൂറിസം പ്രോജക്ടുകളുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള ആദ്യത്തെ പദ്ധതി നാട്ടികയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിൽ പ്രവർത്തിക്കുന്ന ടാക്സി, ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് ബോധവൽക്കരണം നടത്തുന്ന നടപടി തുടരുന്നതാണ്. മൂന്നാറും പരിസരപ്രദേശങ്ങളും ചേർത്ത് ടൂറിസം വികസനത്തിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന് സ്ഥലം ലഭ്യമാകുന്നതോടുകൂടി വാഗമണിൽ കൂടുതൽ വികസനപദ്ധതികൾ നടപ്പാക്കുന്നതാണ്; അവിടെ സുരക്ഷാപ്രവർത്തനങ്ങൾ ശക്തമാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. മുഴപ്പിലങ്ങാട് ബീച്ച് അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പിൽഗ്രിം ടൂറിസത്തിന് പ്രചരണം നൽകുന്നതാണെന്നും കേരളത്തിന്റെ പ്രകൃതിഭംഗിയെ നശിപ്പിക്കുന്ന തരത്തിലുള്ള കായലോര ടൂറിസം പദ്ധതികൾ അംഗീകരിക്കുന്നതല്ലെന്നും ഒരു ഉപചോദ്യത്തിന് ഉത്തരമായി മന്ത്രി അറിയിച്ചു.

21 (*182) <u>കയറുൽപ്പന്നങ്ങൾ</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ) നൽകിയ മറുപടിയിൽ, കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയും ആഭ്യന്തരവിപ

ണിയും പ്രോത്സാഹിപ്പിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സംഘങ്ങൾക്കും ഓരോ വർഷത്തെയും ടേൺ ഓവറിന്റെ 10 ശതമാനം വരെ എം.ഡി.എ.(മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ്) ആയി നകിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ കൈത്തറിയിലുണ്ടാക്കുന്ന കയറുൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാനായി കയറ്റുമതിക്കാർക്ക് 5 ശതമാനം ഡിസ്ക്കൗണ്ടോടെ ക്രയവില സ്ഥിരതാ പദ്ധതി നടപ്പാക്കി യിരുന്നത് 7.5 ശതമാനം ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ആഭ്യന്തര വിപണി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡ് എന്നിവയുടെ ഉൽപ്പന്നങ്ങൾ സംസ്ഥാ നത്തെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ വഴി വിറ്റഴിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 600 സംഘങ്ങൾ ഇപ്രകാരം ഔട്ട്ലെറ്റുകൾ സ്ഥാപിച്ചി ട്ടുണ്ട്. ഇതിനു പുറമേ പ്രധാന നഗരങ്ങളിൽ ഉത്സവകാലയളവിൽ വിൽപ്പനമേളകൾ സംഘടിപ്പിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രധാന നഗരങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഷോറൂമുകളെ കയർ ഷോപ്പി ആ ക്കുന്ന നടപടിയും പുരോഗമിച്ചുവരുന്നു. കയർ ഉൽപ്പന്നങ്ങൾ പരമാവധി വാങ്ങി ഉപയോഗിക്കണമെന്ന് സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആഭ്യന്തരവിദേശ വിപണികളിൽ കേരളത്തിലെ കയറുൽപ്പന്നങ്ങൾക്ക് കൂടുതൽ പ്രിയമുണ്ടാക്കുന്നതിന് ബ്രാന്റ് ബിൽഡിംഗ് നടപടികളുടെ ഭാഗമായി കേരളാ കയർ "ഗോൾഡൻ യാൺ ഓഫ് ഗോഡ്സ് ഓൺ കൺട്രി" എന്ന ബ്രാന്റ് നെയിം അംഗീകരിച്ചിട്ടുണ്ട്. ആഭ്യന്തര വിദേശ വിപണികളിൽ സർക്കാർ മുൻകയ്യോടെയുള്ള ഇടപെടൽ ശക്തമാക്കാനായി രണ്ട് കോടി രൂപ

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി ഏറ്റവുമധികം കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുക, നവീന ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുക തുടങ്ങി വിവിധ വിഭാഗങ്ങളിലായി ഏർപ്പെടുത്തിയ അവാർഡുകൾ താമസിയാതെ പ്രഖ്യാപിക്കുന്നതാണ്. 2009 ജനുവരി 31-വരെ 529 പ്രാഥമിക സംഘങ്ങൾ വഴി ആഭ്യന്തര വിൽപ്പന ആരംഭിച്ചിട്ടുണ്ട്. നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI)-ന്റെ ആഭിമുഖ്യത്തിൽ കയർ ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ആധുനിക രീതിയി ലുള്ള ഉൽപാദനക്ഷമതയുള്ള സ്പിന്നിംഗ് മെഷീനുകൾ ചിറയിൻകീഴ്, ചേർത്തല, കൊയിലാണ്ടി എന്നിവിടങ്ങളിലെ കയർ സഹകരണ സംഘങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു. വൈവിധ്യവൽക്കരണ ത്തിന്റെ ഭാഗമായി പത്തിൽപ്പരം പുതിയ കയറുൽപ്പന്നങ്ങൾ വിപണന സാധ്യതയുടെ അടിസ്ഥനത്തിൽ NCRMI, RIAB-എന്നിവയുടെ സഹായ ത്തോടെ വികസിപ്പിച്ചെടുത്തതിൽ തെരഞ്ഞെടുത്ത 10 എണ്ണം വ്യാവസായി കാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിലേയ്ക്കായി കയർ പൊതു മേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയിലെ ജീവന ക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള നടപടികളും പരമ്പരാഗത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. എൻ.സി.ആർ.എം.ഐ.-യുടെ യുടെ ആഭിമുഖ്യത്തിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ വച്ച് പരമ്പരാഗത കയർ ഉൽപ്പന്നങ്ങളായ mourzouek

carpet, fibre mat, coir fender എന്നിവയിൽ കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നു. ഇത്തരം ഉൽപ്പന്നങ്ങളെ ഹെറിറ്റേജ് ഉൽപ്പന്നങ്ങളായി വിപണനം നടത്തണമെന്ന കയർകമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. കയർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാനായി ബഡ്ജറ്റിൽ 30 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കാനായി 19 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. മരാമത്ത് വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി പി.ഡബ്ളിയു.ഡി. മാനുവലിൽ ആവശ്യമായ മാറ്റം വരുത്തി ബണ്ട്, റോഡ് എന്നിവയുടെ നിർമ്മാണത്തിന് കയറുൽപ്പന്നങ്ങൾ ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ട്രേഡ് യൂണിയനുകൾ, കർഷക പ്രസ്ഥാനങ്ങൾ എന്നിവരുടെ സഹകരണത്തോടെ തൊണ്ടു സംഭരണകേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 14000 റാട്ടുകൾ സൗജന്യമായി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ആയിരം റാട്ടുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 10000 യന്ത്രവൽകൃത ലൂമുകൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. കയറുൽപ്പാദിപ്പിക്കുന്ന യന്ത്രം നിർമ്മിക്കുന്ന ഫാക്ടറി ആലപ്പുഴയിൽ ഈ വർഷം ആരംഭിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് ഉത്തരമായി മന്ത്രി അറിയിച്ചു.

22 (*183) <u>സഹകരണ ബാങ്കുകളിലെ പലിശ നിരക്ക്</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സഹകരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെയും

വിതരണം ചെയ്യുന്ന വായ്പകളുടെയും പലിശ നിരക്ക് സെൻട്രൽ ബാങ്ക്സ് കോൺഫറൻസ് അവസാനം പുതുക്കി നിശ്ചയിച്ചത് 26-02-2009-ലാണെന്ന് സഭയെ അറിയിച്ചു. നിക്ഷേപങ്ങൾക്ക് ബാങ്കുകളെക്കാൾ താരതമ്യേന ഉയർന്ന പലിശ നിരക്കും ലോണുകൾക്ക് താരതമ്യേന കുറഞ്ഞ പലിശ നിരക്കുമാണ് സഹകരണബാങ്കുകളിലുള്ളത്. സഹകരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്ത ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കാൻ അനുവദിക്കുകയില്ല. വിവാഹ വായ്പ, ചികിത്സാ വായ്പ, പഞ്ചായത്ത്-മുനിസിപ്പാലിറ്റി-കോർപ്പറേഷൻ അതിർത്തി യിൽ ഭൂമി ഉള്ളവർക്ക് ഇ.എം.എസ്. പദ്ധതി, കുടുംബശ്രീ, എം.എൻ. ഗോവിന്ദൻ നായർ ലക്ഷം വീട് പദ്ധതി എന്നിവ പ്രകാരം വീട് വയ്ക്കുന്നതി നുള്ള വായ്പ, ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതി നുള്ള വായ്പ എന്നിവ കുറഞ്ഞ നിരക്കിലാണ് വിതരണം ചെയ്യുന്നത്. പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കും സാധാരണ പലിശയിൽ നിന്നും 2 ശതമാനം കൂടി കുറച്ചുനൽകണമെന്ന് കഴിഞ്ഞ വർഷം മുതൽ തീരുമാനമെടുത്തിട്ടുണ്ട്. ദുർബല വിഭാഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന വായ്പയുടെ പലിശ നിരക്ക് ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് 7 ശതമാനവും പാവപ്പെട്ട പെൺകുട്ടി കളുടെ വിവാഹത്തിന് 25,000 രൂപ വരെയുള്ള വായ്പയ്ക്ക് 4 ശതമാനവും സാധാരണ വിവാഹ വായ്പയ്ക്ക് 9 ശതമാനവും 50,000 രൂപ വരെയുള്ള ചികിത്സാ വായ്പയ്ക്ക് 9 ശതമാനവും ഒന്നര ലക്ഷം വരെയുള്ള ഭവന വായ്പയ്ക്ക് 9 ശതമാനവും ഒരു ലക്ഷം രൂപവരെയുള്ള സ്വയം തൊഴിൽ

വായ്പയ്ക്ക് 7 ശതമാനം മുതൽ 9 ശതമാനവും ഭൂമിയില്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് 50,000 രൂപ വരെ 7 ശതമാനവും കുടുംബശ്രീ യൂണിറ്റുകൾക്കുള്ള വിവിധതരം വായ്പകൾക്ക് 8 മുതൽ 9 ശതമാനം വരെയും പലിശയ്ക്ക് വായ്പ നൽകി വരികയാണ്. 2007 നവംബർ മാസത്തിൽ സംഘടിപ്പിച്ച സഹകരണ നിക്ഷേപം കേരളീയം ക്യാമ്പയിനിൽ 2906.59 കോടി രൂപയും 2008 നവംബറിലെ സഹകരണ നിക്ഷേപം കേരളീയം വഴി 2675.25 കോടി രൂപയും സമാഹരണം നടത്തി. ഇതിന്റെ ഫലമായി 44,000 കോടി രൂപയോളം അറ്റ നിക്ഷേപം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിനുണ്ട്. അതിൽ 37,000 കോടി രൂപയും ലോണായി വിതരണം ചെയ്തുകൊണ്ട് ഇന്ത്യ ഏറ്റവുംവലിയ സി.ഡി റേഷ്യോയാണ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സൃഷ്ടിച്ചിട്ടുള്ളത്. ഹ്രസ്വകാല കാർഷിക വായ്പയായി 7 ശതമാനം പലിശയ്ക്ക് പരമാവധി 3 ലക്ഷം രൂപയാണ് വായ്പ നൽകുന്നത്. ലഘൂകരിച്ച നടപടികളാണ് ഇപ്പോൾ വായ്പ നൽകുന്നതിന് നിലവിലുള്ളത്. സഹകരണബാങ്കുകളിലുള്ള നിക്ഷേപങ്ങൾ പിൻവലിക്കുന്ന സ്ഥിതി പരിഗണിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മറ്റു ബാങ്കുകളേക്കാൾ നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ കൊടുക്കുകയും സഹകരണ നിക്ഷേപം കേരളീയം എന്ന പദ്ധതിയിലൂടെ നിക്ഷേപം വർദ്ധിപ്പിക്കാനുള്ള നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് കുറയ്ക്കാനുള്ള നടപടി തുടർന്നും സ്വീകരിക്കുന്നതാണ്. കാർഷിക വായ്പ അനുവദിക്കാൻ വിമുഖത

കാണിക്കുന്ന സഹകരണസംഘങ്ങളെ കണ്ടെത്തി സാധാരണസംഘങ്ങളായി കൺവെർട്ട് ചെയ്യുന്നതിന് നോട്ടീസ് കൊടുത്തിരിക്കുകയാണ്. മംഗല്യസൂത്ര പദ്ധതിപ്രകാരം പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കാൻ ബാങ്കുകൾ മുന്നോട്ടുവരാത്തത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അസിസ്റ്റന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണസംഘങ്ങളോട് നബാർഡ് കാണിക്കുന്ന വിവേചനത്തിനെതിരായി നടപടി ആവശ്യപ്പെട്ട് കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്താൻ ഭരണ-പ്രതിപക്ഷകക്ഷി വ്യത്യാസമില്ലാതെ തയ്യാറാകുകയാണ് വേണ്ടതെന്ന് ഒരു ഉപചോദ്യത്തി നുത്തരമായി മന്ത്രി പറഞ്ഞു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1556 മുതൽ 1843 വരെയുള്ള ചോദ്യങ്ങളിൽ 110 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)